ശ്രീ. ഇ.എം. എസ്സ്. നമ്പൂതിരിപ്പാട്: ഞാൻ പറഞ്ഞല്ലോ അതു വിടെ ചെന്നതിനു ശേഷമാണു ഫൈനലൈസു ചെയ്തതു് എന്നു്. ഞാൻ അവിടെ ചെന്നിട്ടു് ഏതാണ്ടു മണിക്കൂറുകൊണ്ടു തന്നെ അതു് പ്രിൻറു ചെയ്തു.

ശ്രീ. കെ. എം. ജാഫ്ർ: പ്രസ്കാൺഫറൻസു് നടത്തുന്നതിനു് മുൻപു് ഇൻഫർമേഷൻ വകുപ്പുമന്ത്രി ഇവിടെ അതു പ്രസ്റിലീസായി പ്രസിദ്ധപ്പെടുത്തുകയുണ്ടായോ ?

ശ്രീ. ഇ.എം. എസ്സ്. നമ്പൂതിരിപ്പാട്: ഞാൻ അവിടെ ചെന്നിട്ടു ഫൈനലൈസു ചെയ്തു കറക്ഷനു കൊടുത്തു. ഫൈനലൈസു ചെയ്തു കൊടുത്തുകഴിഞ്ഞിട്ടു ഞാൻ ഫോണിൽ വിളിച്ചു് പറഞ്ഞതിനുശേഷം പ്രസ്റിലീസു് കൊടുത്തിട്ടുണ്ടു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: അപ്പോൾ ഇതിനെപ്പറ്റി ഇ.എം.എസ്സ്. മന്ത്രിസഭയിലെ ഒരു മന്ത്രിയുടെ മാത്രം അഭിപ്രായം ആരാഞ്ഞു അറിഞ്ഞതിനുശേഷം ഫൈനലാക്കാമെന്നു വിചാരിച്ചതല്ലേ ?

ശ്രീ. ഇ.എം. എസ്സ്. നമ്പൂതിരിപ്പാട്: ഇൻഡ്യയിലെ 13 സ്റ്റേറുകളിലും പുറത്തുള്ളവരുമായി ആലോചനകൾ നടത്തി കാര്യങ്ങൾ തീരുമാനിക്കാറുണ്ടു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: സർവ്വെൻറു വിതരണം ചെയ്യുന്നതു പ്രസിദ്ധീകരണമാകുമ്പോൾ പുറത്തുള്ള ആളുകളുമായി ആലോചിക്കേണ്ട കാരണമെന്താണു് ?

ശ്രീ. ഇ.എം. എസ്സ്. നമ്പൂതിരിപ്പാട്: അങ്ങനെ ആലോചിക്കുന്ന പതിവു് മറ്റുള്ള 13 സ്റ്റേറുകളും തുടർന്നു നടത്തിക്കൊണ്ടുവരുമ്പോൾ അതിലാക്ഷേപകരമായി ഒന്നുമില്ല; അല്ലേ ?

ശ്രീ. കെ. എം. ജാർജ്ജു്: ഡെൽഹിയിൽ നാലുമണിക്കു് പ്രസ്കാൺഫറൻസു് നടത്തിയപ്പോൾ പത്തുമണിക്കു ഇവിടെ പ്രസ്റിലീസു് പുറപ്പെടുവിച്ചതായി അറിയാമോ ?

ശ്രീ. ഇ.എം. എസ്സ്. നമ്പൂതിരിപ്പാട്: പ്രസ്കാൺഫറൻസു് നടത്തിയതു് നാലുമണിക്കല്ല; രാവിലെ എട്ടുകാൽ മണിക്കാണു്.

സാഹിത്യകാരന്മാർക്കു നൽകുന്ന സഹായധനം.

*1699. [15] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെൻറു് ഏതെങ്കിലും സാഹിത്യകാരന്മാർക്കു് സഹായധനം നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെത്രയാണു്; എന്തെല്ലാം സന്ദർഭങ്ങളിൽ നൽകുന്നു;

(സി) മരിച്ച ഏതെങ്കിലും സാഹിത്യകാരന്മാരുടെ ആശ്രിതർക്കു് സഹായങ്ങൾ നൽകുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു്; എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഉണ്ട്.

(ബി) അക്കാദമിയുടെ ഭരണഘടനയിൽ പ്രഖ്യാപിച്ചിട്ടുള്ള അധികാരകർത്തവ്യങ്ങളിൽ സാഹിത്യത്തിനുവേണ്ടി ശ്രദ്ധാർഹമായ സേവനം അനുഷ്ഠിച്ചിട്ടുള്ളവരും, നിർദ്ധനാവസ്ഥയിൽ കഴിയുന്നവരുമായ സാഹിത്യകാരന്മാർക്ക് സഹായധനം അനുവദിക്കുകയെന്ന വകുപ്പനുസരിച്ച് താഴെ കാണുംവിധം സാഹിത്യനായകന്മാർക്ക് ധനസഹായം നൽകിയിരിക്കുന്നു:

1.	ശ്രീ. എ. ബാലകൃഷ്ണപിള്ള	5,000 രൂ.
2.	പണ്ഡിറ്റ് പി. ഗോപാലൻ നായർ	2,500 രൂ.
3.	ആറ്റൂർ കൃഷ്ണപിഷാരടി	1,501 രൂ.
4.	ചെറുകിയിൽ കുഞ്ഞുണ്ണി നമ്പീശൻ	300 രൂ.

സൃഷ്ടിപരമോ വിമർശനപരമോ ആയ സമുൽകൃഷ്ട കൃതികൾ രചിച്ചിട്ടുള്ള ഗ്രന്ഥകാരന്മാർക്കും സമ്മാനങ്ങളും നൽകുകയെന്ന പ്രഖ്യാപിത കർത്തവ്യമനുസരിച്ചു താഴെ കാണുന്ന സാഹിത്യകാരന്മാർക്ക് ധനസഹായം നൽകിയിരിക്കുന്നു:

1.	കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് (സംസ്കൃത-മലയാള നിഘണ്ടുവിനു)	1,000 രൂ.
2.	റെവ. രാമലിംഗംപിള്ള (ഇംഗ്ലീഷ്-മലയാളം നിഘണ്ടുവിനു)	1,000 രൂ.
3.	നടനകലാനിധി ഗോപിനാഥ് (കഥകളിനടനം എന്ന ഗ്രന്ഥത്തിനു)	1,000 രൂ.
4.	സി. ഒ. കേശവൻ (കുമാരനാശാന്റെ ജീവചരിത്ര ഗ്രന്ഥത്തിനു)	1,000 രൂ.
5.	കെ. എ. പോൾ (ഇലിയഡ്-ഡിന്റെ മലയാള തർജ്ജമയ്ക്കു)	750 രൂ.
6.	പാണ്ടം വാസുദേവൻ നമ്പൂതിരിപ്പാട് (ഗീതാരഹസ്യത്തിന്റെ പ്രസിദ്ധീകരണത്തിനു)	500 രൂ.
7.	കേരശ്ശേരി ഗോപാലപിള്ള (കേരള ഗൌതമീയം എന്ന ഗ്രന്ഥത്തിനു)	500 രൂ.

(സി) ഉണ്ട്.

(ഡി) (1) ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ മാതാവിനു പ്രതിമാസം 25 രൂപ.

(2) മഹാകവി വള്ളത്തോളിന്റെ വിധവയ്ക്കു പ്രതിമാസം 50 രൂപ.

(3) മഹാകവി കുട്ടമത്തിന്റെ മകൾക്കു പ്രതിമാസം 25 രൂപ.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ പാരിതോഷികങ്ങൾ നൽകുന്നതു് ആരുടെ ഉപദേശമനുസരിച്ചാണു്?

ശ്രീ ജോസഫ് മുണ്ടശ്ശേരി : അതു ഗവണ്മെന്റു നേരിട്ടു നൽകുന്നതല്ല. അക്കാദമിയാണു് അതിനെപ്പറ്റി തീരുമാനിക്കുന്നതു്—അക്കാദമിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയാണു്.

LIBRARY ARCHIVES Kerala Legislative Assembly